# കടലേകും
# കനിവുകൾ


*എഡിറ്റിംഗ് :*

**എൻ.ജി.മേനോൻ**

**വി.ശശികുമാർ**



കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം, കൊച്ചി

ആകാശവാണി, തൃശൂർ

Malayalam

# KADALEKUM KANIVUKAL

*Edited by :*

**N. G. MENON**
**V. SASI KUMAR**

*Published by :*

**Dr. M. DEVARAJ,** Director, CMFRI, Kochi
and
Station Director, AIR, Trichur

*Editorial Assistance :*

BALU S.
SIMMY GEORGE

© 1998, Central Marine Fisheries Research Institute, Cochin - 14

Printed at PAICO, Cochin, S. India

# 35. മത്സ്യബന്ധന മേഖലയിലെ വികസനവും അടിസ്ഥാന സൗകര്യങ്ങളും

ഡോ.എം.പി.ദിലീപ്
ഫിഷറീസ് ജോയിന്റ് ഡയറക്ടർ, എറണാകുളം

കേരളത്തിന്റെ വികസന ക്ഷേമ രംഗങ്ങളിൽ ഗണ്യമായ പങ്കുവഹിക്കുന്ന മത്സ്യബന്ധന മേഖല സംസ്ഥാന വരുമാനത്തിന്റെ അഞ്ചു ശതമാനത്തോളം സംഭാവന ചെയ്യുന്നുണ്ട്. മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ മുഖ്യ ജീവനോപാധിയായ ഈ മേഖല പ്രതിവർഷം ആറു ലക്ഷം മെട്രിക് ടൺ മത്സ്യം ഉല്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കുന്നു. 1996-97 ൽ തന്നെ 940 കോടി രൂപയുടെ മത്സ്യോൽപ്പന്നങ്ങൾ സംസ്ഥാനത്തുനിന്നും കയറ്റി അയച്ചിട്ടുണ്ട്. വിപുലമായ വികസന സാദ്ധ്യതയുള്ള ഈ മേഖലയിൽ മത്സ്യോദ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനും മത്സ്യ സമ്പത്തിന്റെ സംരക്ഷണവും വിവേകപൂർണ്ണമായ ചൂഷണവും ഉറപ്പുവരുത്തുന്നതിനും വേണ്ടി അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും അവയുടെ വികസനവും സാദ്ധ്യമാക്കേണ്ടതുണ്ട്. ചെറിയ വഞ്ചികൾ മുതൽ വൻകിട മത്സ്യബന്ധന ബോട്ടുകൾ വരെ കരക്കടുപ്പിക്കാവുന്ന മത്സ്യബന്ധന തുറമുഖങ്ങൾ, അവ പിടിച്ചു കൊണ്ടുവരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കാവുന്ന കോൾഡ് സ്റ്റോറേജുകൾ, പിടിച്ചെടുത്ത മത്സ്യം മറ്റു വിദൂര സ്ഥലങ്ങളിലേക്ക് കേടുകൂടാതെ കഴിവതും പെട്ടെന്നു കൊണ്ടുപോകുവാനുതകുന്ന രീതിയിലുള്ള റോഡുകളും വാഹനങ്ങളും, മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുവാൻ പറ്റുന്ന രീതിയിലുള്ള പാർപ്പിടങ്ങളും, സ്കൂളുകളും, ആശുപത്രികളും മറ്റും ഈ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളിൽപ്പെടുന്നവയാണ്.

കേരളത്തിലെ പ്രധാന മത്സ്യബന്ധന തുറമുഖങ്ങൾ വിഴിഞ്ഞം, നീണ്ടകര, തങ്കശ്ശേരി, മുനമ്പം, കൊച്ചി, പുതിയാപ്പ, ബേപ്പൂർ, മാപ്പിള ബേ എന്നിവയാണ്. ഇതിൽ നീണ്ടകര, കൊച്ചി, പുതിയാപ്പ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ പണി പൂർത്തീകരിക്കുമ്പോൾ ഉദ്ദേശം നൂറു ട്രോളറുകൾ അടുപ്പിക്കുവാൻ സാധിക്കുന്നതാണ്. ഇതിനു പുറമേ ഓക്ഷൻ ഹാളും, ബോട്ടുകൾ റിപ്പയർ ചെയ്യുവാനുള്ള സൗകര്യങ്ങളും നിലവിൽ വരുന്നതാണ്. നീണ്ടകരയിൽ ഒരേ സമയം ആയിരത്തി അഞ്ഞൂറോളം യന്ത്രവൽകൃത ബോട്ടുകൾ അടുപ്പിക്കാൻ സാധിക്കും.

തങ്കശ്ശേരിയിൽ രണ്ടു ഘട്ടങ്ങളായി പൂർത്തീകരിക്കുവാൻ അനുമതി ലഭിച്ചിട്ടുള്ള തുറമുഖത്തിന്റെ ഒന്നാം ഘട്ടപ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 1200 യന്ത്രവൽകൃത വഞ്ചികൾ അടുപ്പിക്കുവാൻ പറ്റുന്ന രീതിയിലാണ് ഈ മത്സ്യബന്ധന തുറമുഖം രൂപകല്പന ചെയ്തിരിക്കുന്നത്. മുനമ്പം മത്സ്യബന്ധന തുറമുഖത്തിന്റെ പണി പൂർത്തീകരിക്കുമ്പോൾ 650 യന്ത്രവൽകൃത ബോട്ടുകൾ ഒരേസമയം അടുപ്പിക്കുവാൻ സാധിക്കുന്നതാണ്. പണി പൂർത്തീകരിച്ച പുതിയാപ്പ ചെറുകിട മത്സ്യബന്ധന തുറമുഖത്ത് 300 ബോട്ടുകളും 200 യന്ത്രവൽകൃത വഞ്ചികളും അടുപ്പിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്. മറ്റൊരു ചെറുകിട മത്സ്യബന്ധന തുറമുഖമായ ചോംപലിന്റെ പണി നടന്നു കൊണ്ടിരിക്കുന്നു. ഇവിടെ ആയിരത്തോളം നാടൻ വഞ്ചികൾ അടുപ്പിക്കുവാൻ സാധിക്കുന്നതാണ്. മാപ്പിള ബേയിൽ പണിയുന്ന മത്സ്യബന്ധന തുറമുഖത്തിന്റെ പണി പൂർത്തീകരിക്കുമ്പോൾ 350 ബോട്ടുകളും 300 യന്ത്രവൽകൃത വഞ്ചികളും 1250 നാടൻ വഞ്ചികളും അടുപ്പിക്കുവാൻ കഴിയും. കായംകുളത്തും പൊന്നാനിയിലും മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശമുണ്ട്. ഇവയിൽ കായംകുളത്തിന്റെ പ്രാരംഭപണികൾ ആരംഭിച്ചു കഴിഞ്ഞു.

ഇതുകൂടാതെ മത്സ്യബന്ധന ബോട്ടുകൾ അടുപ്പിക്കുവാൻ വേണ്ടി ചേറ്റുവാ, ചെറുവത്തൂർ, തോട്ടപ്പള്ളി മുതലായ സ്ഥലങ്ങൾ ഉൾപ്പെടെ ഒൻപതോളം ചെറുകിട മത്സ്യബന്ധന കേന്ദ്രങ്ങളുടേയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടേയും വഞ്ചികൾ അടുപ്പിക്കുവാൻ പാകത്തിനുള്ള എട്ടോളം കേന്ദ്രങ്ങളുടേയും നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ വഞ്ചികൾ അടുപ്പിക്കുവാൻ സാധിക്കുന്ന ലാന്റിംഗ് സെന്ററുകളിൽ കാട്ടൂർ, പൊള്ളെത്തൈ, പുന്നപ്ര എന്നിവയുടെ നിർമ്മാണം അന്തിമഘട്ടിത്തിലാണ്. ഇവയുടെ പൂർത്തീകരണത്തിനും ബാക്കിയുള്ളവയുടെ നിർമ്മാണ ചെലവിനും കൂടി ഈ വർഷം ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

നൂറു ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ഉൾനാട്ടിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ മത്സ്യവിപണനത്തിനുള്ള ആന്തരിക സംവിധാന സൗകര്യങ്ങൾ നിർമ്മിച്ചു നൽകുവാനുള്ള ഒരു പരിപാടിയും വിഭാവനം ചെയ്തിട്ടുണ്ട്. 49 ലക്ഷം രൂപ മുതൽമുടക്ക് കണക്കാക്കിയിട്ടുള്ള വിപണന യൂണിറ്റുകളാണ് കേരളത്തിന് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം നിർമ്മിക്കപ്പെടുന്ന ഉൾനാടൻ വിപണന കേന്ദ്രങ്ങളിൽ മത്സ്യം കൈകാര്യം ചെയ്യുന്നതിനുള്ള ഹാളുകൾ, 5 ടൺ ശേഷിയുള്ള ഐസ് പ്ലാന്റ് 10 ടൺ ശേഷിയുള്ള കോൾഡ് സ്റ്റോറേജ്, ചില്ലറ വില്പനയ്ക്കുള്ള സ്ഥലം, ശീതീകരണ സൗകര്യമുള്ള വാഹനങ്ങൾ, മത്സ്യം കേടുകൂടാതെ ദൂര സ്ഥലങ്ങളിലേക്ക് കൊണ്ടു പോകുവാൻ പറ്റുന്ന പെട്ടികളോടുകൂടിയ സൈക്കിളുകൾ എന്നിവ ലഭ്യമാക്കുന്നതാണ്. ഫിഷറീസ് വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പാക്കി വരുന്ന ഈ പദ്ധതി

യിൽ ഉൾപ്പെട്ടിട്ടുള്ള നെടുമങ്ങാട്, കുണ്ടറ, വൈക്കം, പേരാമ്പ്ര എന്നീ കേന്ദ്ര ങ്ങളുടെ പണി പുരോഗമിച്ചു വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാനവിഷ്കൃത പദ്ധ തിയിൽ ഉൾക്കൊള്ളിച്ചുകൊണ്ട്, മത്സ്യ തൊഴിലാളി സ്ത്രീകൾക്ക് തലച്ചുമ ടായി മത്സ്യവ്യാപാരം ചെയ്യുന്നതിനും, പ്രധാന കേന്ദ്രങ്ങളിൽ മത്സ്യവിപണന ബൂത്തുകൾ ആരംഭിക്കുന്നതിനും, ജലവിതരണം, ശുചിത്വ പരിപാലന സൗക ര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനും കൂടി വേണ്ടി വരുന്ന ചെലവുകൾ വഹിക്കുന്നതിന് 55 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ മാറ്റി വച്ചിട്ടുണ്ട്.

മത്സ്യ വികസന മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുവാനും, ഈ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും വേണ്ടി പത്താം ധനകാര്യ കമ്മീഷൻ പ്രത്യേക പ്രശ്ന പരിഹാര ഗ്രാന്റായി 50 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. മത്സ്യ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ഭവനം, കുടിവെള്ളം, റോഡ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയാണിത്, ഇതിൽ ഭവന നിർമ്മാനത്തിന് 30 കോടി രൂപയും റോഡു നിർമ്മാണത്തിന് 13 കോടി രൂപയും കുടിവെള്ളം എത്തിക്കാൻ 7 കോടി രൂപ യുമാണ് ചെലവാക്കാൻ ഉദ്ദേശിക്കുന്നത്.

മത്സ്യതൊഴിലാളികൾ കൂട്ടത്തോടെ വസിക്കുന്ന ഗ്രാമങ്ങളിൽ 100 ശത മാനം ധനസഹായത്തോടെ വീടുകൾ നിർമ്മിച്ചു കൊടുക്കുന്ന ഒരു പദ്ധതി ഫിഷറീസ് വകുപ്പ്, ദേശീയ മത്സ്യ തൊഴിലാളി ക്ഷേമനിധിയുടെ സഹായ ത്തോടെ നടപ്പാക്കി വരുന്നുണ്ട്. 35,000 രൂപ ചെലവു വരുന്ന ഭവനങ്ങളാണ് ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്നത്. ഇതിനോടൊപ്പം കുഴൽക്കിണർ, കമ്മ്യൂ ണിറ്റി ഹാൾ എന്നിവയും നിർമ്മിക്കുന്നതാണ്. സംസ്ഥാനവും ദേശീയ മത്സ്യ തൊഴിലാളി ക്ഷേമനിധിയും തുല്യമായാണ് ഇതിന്റെ ചെലവു വഹിക്കുന്നത്. ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിലായിരിക്കും ഈ പദ്ധതി നടപ്പിലാ ക്കുന്നത്.

തീരദേശ സാമൂഹിക സൗകര്യങ്ങൾ എന്ന പരിപാടിയുടെ ഒരിനമായി മത്സ്യതൊഴിലാളികളുടെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനായി തീരജ്യോതി എന്ന പേരിൽ ഒരു പദ്ധതി ഇപ്പോൾ നടപ്പാക്കി വരുന്നു. വീടൊന്നിന് ആയിരം രൂപ എന്ന ക്രമത്തിൽ മൂവായിരം വീടുകൾ വൈദ്യുതീകരിക്കാനാണ് 1997-98 വർഷത്തിൽ ഈ പരിപാടികൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്.

മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം, ഫിഷറീസ് വകുപ്പിന്റെ തന്നെ സഹോദര സ്ഥാപനമായ തുറമുഖ എഞ്ചിനീയ റിംഗ് വകുപ്പിന്റെ സാങ്കേതിക സഹായത്തോടെയാണ് നടത്തിവരുന്നത്. ജന കീയാസൂത്രണത്തിന്റെ ഭാഗമായി ഈ മേഖലയിൽ ഇത്തരം സൗകര്യങ്ങൾ

വർദ്ധിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും കൂടി ഉറപ്പുവരുത്തിക്കൊണ്ടാണ് എല്ലാ പദ്ധതികളും രൂപകല്പന ചെയ്തിട്ടുള്ളത്.

മത്സ്യബന്ധന വിപണന മേഖലയുടെ വികസനം ലക്ഷ്യമാക്കി അതി നാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് സർക്കാർ ഇതുവരെ പരാമർശിച്ച കാര്യങ്ങൾ നടപ്പാക്കിക്കൊണ്ടി രിക്കുന്നത്. ഈ മേഖലയിൽ പ്രവത്തിക്കുന്ന ഒൻപതു ലക്ഷത്തോളം വരുന്ന മത്സ്യ തൊഴിലാളി സമൂഹത്തിന്റെ സർവതോൻമുഖമായ പുരോഗതിക്കും ഇവ അത്യന്താപേക്ഷിതമാണ്.